''ഭരണഭാഷ- മാതൃഭാഷ്"
പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
മ്യൂസിയം – നന്ദാവനം റോഡ്, നന്ദാവനം, വികാസ് ഭവൻ പി.ഒ
തിരുവനന്തപുരം – 695 033
ഫോൺ : 0471 2737253, 2737313
Email-educationcscdd@gmail.com

No:SCDD/661/2022-C1(EDN C) തീയതി:16/02/2022

## അറിയിപ്പ്

### പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്ക് 2022-23 അദ്ധ്യയന വർഷം മോഡൽ റസിഡൻഷ്യൽ സ്കൂൾ പ്രവേശനം

പട്ടികജാതി വികസന വകുപ്പിന് കീഴിൽ കേരളത്തിലെ വിവിധ ജില്ലകളിൽ പട്ടികജാതി പട്ടികവർഗ്ഗ വിഭാഗം വിദ്യാർത്ഥികൾക്കായി പ്രവർത്തിക്കുന്ന 9 മോഡൽ റസിഡൻഷ്യൽ സ്കൂളുകളിൽ 5 ക്ലാസ്സിലേക്കുള്ള പ്രവേശനത്തിനായി വിദ്യാർത്ഥികളിൽ നിന്നും അപേക്ഷ ക്ഷണിക്കുകയും, രക്ഷകർത്താക്കളുടെ കുടുംബ വാർഷിക വരുമാനം 1,00,000/- രൂപയോ അതിൽ കുറവുള്ളതോ ആയ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണെന്ന് അറിയിപ്പും നൽകിയിരുന്നു.എന്നാൽ രക്ഷകർത്താക്കളുടെ കുടുംബ വാർഷിക വരുമാന പരിധി 2,00,000/- രൂപയായി വർദ്ധിപ്പിച്ചുകൊണ്ട് സർക്കാർ ഉത്തരവായിട്ടുണ്ട്.മേൽ സാഹചര്യത്തിൽ രക്ഷകർത്താക്കളുടെ കുടുംബ വാർഷിക വരുമാനം 2,00,000/- രൂപയോ അതിൽ കുറവുള്ളതോ ആയ വിദ്യാർത്ഥികൾക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്.

ഇത് സംബന്ധിച്ച വിശദ വിവരങ്ങളും അപേക്ഷാ ഫോറത്തിന്റെ മാതൃകയും ജില്ലാ പട്ടികജാതി വികസന ഓഫീസുകളിൽ നിന്നും ലഭിക്കുന്നതാണ്.നിശ്ചിത മാതൃകയിലുള്ള പൂരിപ്പിച്ച അപേക്ഷകൾ ബന്ധപ്പെട്ട ജില്ല പട്ടികജാതി വികസന ഓഫീസുകളിൽ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി 10.03.2022 ആണ്.

ഡയറക്ടർക്കുവേണ്ടി
ജോയിന്റ് ഡയറക്ടർ(വിദ്യാഭ്യാസം)